**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ സംഭരണശേഷി കുറഞ്ഞ സാഹചര്യo**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലും മറ്റ് അനുബന്ധ സാധനങ്ങളും അടിഞ്ഞുകൂടി നദികളുടെയും കായലുകളുടെയും ആറുകളുടെയും മറ്റും ആഴവും സംഭരണശേഷിയും കുറഞ്ഞ സാഹചര്യത്തിൽ പ്രളയക്കെടുതി നേരിടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ; | (എ) | മണലും എക്കലും അനുബന്ധ സാധനങ്ങളും അടിഞ്ഞുകൂടി നദികളുടെയും മറ്റും ആഴവും സംരക്ഷണശേഷിയും കുറഞ്ഞ സാഹചര്യത്തിൽ പ്രളയക്കെടുതി നേരിടാൻ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിന് അടിയന്തര പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ Turn Key അടിസ്ഥാനത്തിൽ എക്കലും മണലും നീക്കം ചെയ്യുന്നതിനും, മറ്റ് മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുമുള്ള നിർദ്ദേശം സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | ഇവിടങ്ങളിൽ നിന്നും മണൽ സംഭരിച്ച് നേരിട്ട് വില്പന നടത്തുന്നതിലൂടെ വീട് നിർമ്മിക്കുന്നവർ നേരിടുന്ന മണൽ ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ